# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5300 — 31/10/2016 ൽ മറുപടിക്ക്

### ഉത്സവങ്ങളും കാർണിവലുകളും സംഘടിപ്പിക്കുന്നതിനുള്ള അനുമതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എൻ.എ.നെല്ലിക്കുന്ന് | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |

| | | | |
|---|---|---|---|
| എ) | ഉത്സവങ്ങൾ, കാർണിവലുകൾ, എക്സിബിഷനുകൾ എന്നിവ സംഘടിപ്പിക്കുന്നതിന് അനുമതി ആവശ്യമാണോ; എങ്കിൽ അപേക്ഷ സമർപ്പിക്കേണ്ട നടപടിക്രമം എന്താണെന്നും അനുമതി നൽകേണ്ട അധികൃതർ ആരാണെന്നും വ്യക്തമാക്കുമോ; | എ) | ഉത്സവങ്ങളുടെ ഭാഗമായി സംഘടിപ്പിക്കുന്ന കാർണിവലുകൾ, എക്സിബിഷനുകൾ എന്നിവയ്ക്ക് അനുമതി ആവശ്യമാണ്. 1963 ലെ പ്ലേസസ് ഓഫ് പബ്ലിക് റിസോർട്ട് ആക്ട്, അതിനനുസരിച്ച് 1965 ലെ ചട്ടങ്ങൾ എന്നിവ പ്രകാരം പ്രാദേശിക ഭരണകൂടങ്ങളുടെ നിയന്ത്രണത്തിലുള്ള സ്ഥലത്ത് സ്ഥിരമായോ താല്ക്കാലികമായോ വിനോദ പരിപാടികൾ, പ്രദർശനങ്ങൾ, എന്നിവ സംഘടിപ്പിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിയ്ക്ക് അപേക്ഷ സമർപ്പിക്കേണ്ടതാണ്.<br>പ്രദർശനം/വിനോദപരിപാടി അരംഭിക്കുന്നതിന് 21 ദിവസം മുമ്പ് അപേക്ഷ സ്ഥലത്തിന്റെ സ്കെച്ച്, ഉടമസ്ഥതാരേഖ, ഹെൽത്ത് ഇൻസ്പെക്ടറുടേയും, ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടേയും, പോലീസ് ഓഫീസറുടെയും നിരാക്ഷേപ സാക്ഷ്യപത്രം, മെക്കാനിക്കൽ എഞ്ചിനീയറുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് എന്നിവ സഹിതം അപേക്ഷ സമർപ്പിച്ച് നിശ്ചിത ഫീസ് അടയ്ക്കേണ്ടതാണ്.<br>ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങളുടെ സെക്രട്ടറിയാണ് അനുമതി നൽകുക. |
| ബി) | ഇത്തരം മേളകൾ നടത്തുന്ന സ്ഥലങ്ങളിലെ സുരക്ഷാ സംവിധാനങ്ങൾ പരിശോധിക്കാറുണ്ടോ; എങ്കിൽ ആരാണ് പരിശോധന നടത്താറുള്ളതെന്ന് വ്യക്തമാക്കുമോ; | ബി) | ഉണ്ട്. ലൈസൻസിംഗ് അതോറിറ്റിക്കും, നിരാക്ഷേപ സാക്ഷ്യപത്രം അനുവദിക്കുന്നവർക്കും പരിശോധന നടത്താവുന്നതാണ്. |

| | | | |
|---|---|---|---|
| സി) | സുരക്ഷാ സംവിധാനങ്ങളൊന്നു-മില്ലാതെ മേളകൾ സംഘടിപ്പി-ക്കുന്നവർക്കെതിരെ ശിക്ഷണ നടപടികൾ കൈക്കൊള്ളാൻ നിയമമുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം നൽകുമോ; പ്രസ്തുത നിയമമനുസരിച്ച് കഴിഞ്ഞ പത്ത് വർഷത്തിനിടയിൽ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; | സി) | ഉണ്ട്. 1963 ലെ കേരള പ്ലേസസ് ഓഫ് പബ്ലിക് റിസോർട്ട് ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരം ലൈസൻസ് നേടാതിരിക്കുകയോ, നേടിയ ലൈസൻസിലെ വ്യവസ്ഥകൾ ലംഘിക്കുകയോ ചെയ്താൽ മജിസ്ട്രേട്ട് മുമ്പാകെയുള്ള കുറ്റ സ്ഥാപനത്തിന്മേൽ പ്രസ്തുത ആക്റ്റിലെ 16-ാം വകുപ്പു പ്രകാരം 500/- രൂപ വരെയുള്ള പിഴ ശിക്ഷ ചുമത്താവുന്നതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട് ഇപ്രകാരം ശിക്ഷയായി ചുമത്തുന്ന പിഴ 1898 ലെ ക്രിമിനൽ പ്രൊസീജിയർ കോഡ് പ്രകാരം ഈടാക്കാവുന്നതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട് കൂടാതെ നിയമാനുസൃത ലൈസൻസ് എടുത്തിട്ടില്ലാത്ത കേസുകളിൽ പിഴ ശിക്ഷക്കു പുറമെ ചട്ടപ്രകാരം ലഭ്യമാകേണ്ട ലൈസൻസ് ഫീസ് ഈടാക്കാവുന്നതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്<br>10 വർഷത്തിനിടെ രജിസ്റ്റർ ചെയ്ത കേസുകൾ സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു |
| ഡി) | പത്തനംത്തിട്ട ചിറ്റാറിൽ സ്വകാര്യ ഗ്രൂപ്പ് വസന്തോത്സവത്തിന്റെ പേരിൽ സുരക്ഷാസംവിധാനങ്ങ-ളൊന്നുമില്ലാതെ പ്രവർത്തിപ്പിച്ചിരുന്ന ആകാശത്തൊട്ടിലിൽ നിന്ന് വീണ് അഞ്ചു വയസ്സുള്ള കുട്ടി മരിച്ച സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്മേൽ സ്വീകരിച്ച നടപടികളും മരിച്ച കുട്ടിയുടെ കുടുംബത്തിനു നൽകിയ സഹായവും എന്താണെന്ന് വ്യക്തമാക്കുമോ; | ഡി) | ഉണ്ട്. ടി മേള നിർത്തിവയ്ക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് 09.09.2016-ൽ ചിറ്റാർ ഗ്രാമപഞ്ചായത്ത് നോട്ടീസ് നൽകി മേള നിർത്തിവയ്പിച്ചു. സംഘാടകർക്കെതിരെ പോലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.<br>മരിച്ച കുട്ടിയുടെ കുടുംബത്തിന്, 22.09.2016 ലെ ജി.ഒ. (ആർ.റ്റി) നമ്പർ 3763/16/റവ. പ്രകാരം ധനസഹായമായി 2,00,000/ രൂപയും, 24.09.2016 ലെ സ.ഉ. (കയ്യെഴുത്ത്) നം.520/16/റവ. പ്രകാരം അധിക ധനസഹായമായി 7,50,000/ രൂപയും അനുവദിച്ചിട്ടുണ്ട്. |
| ഇ) | അധികാരികളുടെ ഉദാസീനത കാരണമാണ് വിനോദ സംരംഭങ്ങൾമരണത്തിനും കഷ്ടനഷ്ടങ്ങൾക്കും കാരണമാകുന്നതെന്ന് അഭിപ്രായമുണ്ടോ; എങ്കിൽ ഇത്തരം സംവിധാനങ്ങളുടെ സുരക്ഷ ഉറപ്പു വരുത്തുന്നതിനുള്ള മാനദണ്ഡം, അനുമതി നൽകുന്നതിന് അധികാരമുള്ള ഭരണ സംവിധാനം, സുരക്ഷാസംവിധാനങ്ങൾ സംബന്ധിച്ച നിയമാവലി എന്നിവയിൽ വ്യക്തത വരുത്താൻ നടപടികൾ സ്വീകരിക്കുമോ ? | ഇ) | അഭിപ്രായമില്ല. |

സെക്ഷൻ ഓഫീസർ